# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2466 — 18/02/2016 -ൽ മറുപടിക്ക്

## മാവേലിക്കര ഭരണിക്കാവ് കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.രാജേഷ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മാവേലിക്കര ഭരണിക്കാവ് (കാരനികാട്) കുടിവെള്ള പദ്ധതി നാളിതുവരെയായി പൂർത്തീകരിക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>റോ വാട്ടർ പമ്പ് ചെയ്യുന്ന ഇടപ്പോണിലെ പമ്പ് ഹൗസ് നവീകരണത്തിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. പമ്പ് ഹൗസിലെ നവീകരണ പ്രവർത്തനങ്ങളും, അതിനോട് ചേർന്ന് പാനൽ ബോർഡ് റൂം നിർമ്മിക്കുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. പാനൽ ബോർഡിന്റെ പ്രവർത്തി പൂർത്തീകരിക്കുകയും കിണറിന് മുകളിലുള്ള പമ്പ് ഹൗസിന്റെ പുനരുദ്ധാരണ പ്രവർത്തി പുരോഗമിച്ച് വരികയും ചെയ്യുന്നു.<br>പമ്പ് ഹൗസിന്റെ പുനഃരുദ്ധാരണ പ്രവർത്തിക്കുശേഷം റോവാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കുകയും, അതിനോടൊപ്പം തന്നെ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ പണികൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ പാറ്റൂരിൽ സ്ഥിതി ചെയ്യുന്ന 10 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണശാലയിലേക്ക് റോ വാട്ടർ പമ്പ് ചെയ്യാവുന്നതും തുടർന്ന് ശുദ്ധീകരിച്ച ജലം ജലശുദ്ധീകരണശാല കോമ്പൗണ്ടിൽ നിലവിലുള്ള ഉപരിതലസംഭരണി വഴി നിലവിലുള്ള വിതരണ കുഴലിലൂടെ |

നൽകാവുന്നതാണ്. പാലമേൽ, താമരക്കുളത്തിനും ചുനക്കര പഞ്ചായത്തിനും ശുദ്ധജലം ലഭ്യമാക്കണമെങ്കിൽ ജലശുദ്ധീകരണശാലയിൽ 42.00 ലക്ഷം രൂപ ചെലവുവരുന്ന ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടതും, ക്ലിയർ വാട്ടർ പമ്പ് ഹൗസിൽ 130 കുതിര ശക്തിയുള്ള രണ്ട് സെൻട്രിഫ്യൂഗൽ പമ്പ് സെറ്റുകൾ സ്ഥാപിക്കേണ്ടതുമാവശ്യമായിട്ടുണ്ട്. ഇവയ്ക്കും പുതിയ വിതരണക്കുഴൽ സ്ഥാപിക്കുന്നതിനും ചുറ്റുമതിൽ കെട്ടുന്നതിനും വേണ്ടി 4.00 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. ഈ പ്രവർത്തി പൂർത്തീകരിക്കുന്നതിന് റെയിൽവേയുടെ ഓവർ ബ്രിഡ്ജിൽ കൂടി ലൈൻ സ്ഥാപിക്കുന്നതിനായി അനുമതി ഇനിയും ലഭ്യമാക്കേണ്ടതായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും റെയിൽവേയുടെ അനുമതി ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കല്ലുമല ഓവർബ്രിഡ്ജ് വഴി പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നതിന് റെയിൽവേയുടെ അനുമതിക്ക് വേണ്ടി പുതിയതായി 12/8/2015-ൽ ഓൺ ലൈൻ വഴി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്

(ഡി) പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) റെയിൽവേയുടെ അനുമതി ലഭിച്ചാലുടൻ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

(ഇ) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ റീത്തുപള്ളി-മഞ്ചാടിത്തറ റോഡിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് എം.എൽ.എ. യുടെ കത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഇ) റീത്തുപള്ളി-മഞ്ചാടിത്തറ റോഡിൽ പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കുന്നതിനുള്ള ബഹുമാനപ്പെട്ട എം.എൽ.എ. യുടെ കത്തിന്മേൽ ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ